കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി4-1338/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ : 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 14.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേപ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട്. ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2, 3-3, 3-6, 3-7, 3-9 എന്നിവയിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി4-1338/16 തീയതി. 14.12.2016

# ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2015മുതൽ 31.10.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി. വൈ. സലീം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 03.11.2016 മുതൽ 15.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. സുജ. എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ. ചന്ദ്രശേഖരൻ. ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ഷീബ. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| 1. | സെക്രട്ടറി | ശ്രീ.ഒ.എസ്. വീരേന്ദ്രൻ | 01.04.2015 മുതൽ 31.05.2015 വരെ |
| 2. | | ശ്രീ.ഗീവർഗ്ഗീസ്. | 01.06.2015 മുതൽ 21.07.2015 വരെ |
| 3. | | ശ്രീമതി. സിന്ധു ബാലകൃഷ്ണൻ | 22.07.2015 മുതൽ 03.01.2016 വരെ |
| 4. | | ശ്രീമതി. ആദില. ഡി. എസ് | 04.01.2016 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി. രാധാകൃഷ്ണൻ നായർ | 01.04.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി. രാധാ രാമചന്ദ്രൻ | 19.11.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.ജി.എസ്. | ശ്രീമതി. ജയ. | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ. | ഡോ. രേഖാ സാഗർ. | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ. | ശ്രീമതി. മായാ ഗോപാലകൃഷ്ണൻ. | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അമ്പിളി.എസ്.നായർ. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>ഇൻ ചാർജ്ജ് (പി.എച്ച്.സി) | ഡോ. സുബി. | 01.04.2015 മുതൽ 12.11.2015 വരെ |
| | ഡോ. അഖിൽ. | 13.11.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ.രാജീവ് കുമാർ. | 01.04.2015 മുതൽ 31.03.2016 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. നിള ഹിരൺ | 01.04.2015 മുതൽ 18.05.2015 വരെ |
| | ശ്രീമതി. ഷീല. എസ് | 20.05.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. കവിത. എസ്. നായർ | 01.04.2015 മുതൽ 31.03.2016 വരെ |

*ഉള്ളടക്കം*

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | കെട്ടിട നികുതി -വൻ കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2-2 | അനധികൃത വ്യാപാരം നടപടി സ്വീകരിച്ചില്ല |
| 4 | 2-3 | ലൈസൻസ് ഇല്ലാതെ വ്യപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു,<br>നിയമനടപടികളില്ല. |
| 5 | 2-4 | പരസ്യ നികുതി ഈടാക്കുന്നില്ല |
| 6 | 2-5 | കെട്ടിട നിർമ്മാണപെർമിറ്റ് രജിസ്റ്ററിൽ തുടർ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 7 | 2-6 | വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ -നടപടിക്രമങ്ങൾ സുതാര്യമല്ല |

| | | |
|---|---|---|
| 8 | 2-7 | ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറി വാടകയ്ക്ക് നൽകുന്നില്ല |
| 9 | 2-8 | മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല |
| ഭാഗം – 3 | | |
| 10 | 3-1 | അഗതി ആശ്രയ-പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. അഗതികൾ അവഗണിക്കപ്പെടുന്നു. |
| 11 | 3-2 | തൊഴിലുറപ്പ് ഫണ്ടിൽനിന്ന് വാറ്റ് ഒടുക്കി. ഒടുക്കിയ തുകയിൽ കുറവ് |
| 12 | 3-3 | നടപ്പാതനിർമ്മാണം-കരാറുകാരന് തെറ്റായി നല്കിയ സൈഡ്സ്ക്രീനിംഗിനുള്ള ചെലവു തുക തിരികെ ഈടാക്കിയപ്പോൾ പലിശ ഈടാക്കിയില്ല. |
| 13 | 3-4 | തൊഴിലുറപ്പുപ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച. |
| 14 | 3-5 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ വർക്കിനായുള്ള ടെണ്ടർനടപടികൾ-അപാകതകൾ. |
| 15 | 3-6 | ഓരുമുട്ട് നിർമ്മാണം-ചെയ്യാത്ത പ്രവർത്തിക്ക് വേതനം നൽകി. |
| 16 | 3-7 | തൊഴിലുറപ്പ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ യോഗ്യത സംബന്ധിച്ച് |
| 17 | 3-8 | സിഡ്കോയിൽനിന്നുള്ള സ്റ്റീംബാത്ത് ചേമ്പർ വാങ്ങൽ - പ്രൈസ്സ് ലിസ്റ്റിൽ അധികരിച്ച് വിലനൽകിയത് അനുവദനീയമല്ല |
| 18 | 3-9 | കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾക്ക് ചെലവു തുക അനുവദിച്ചു-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളുടെ ലംഘനം |
| 19 | 3-10 | പാലിയേറ്റീവ് പദ്ധതി -പേരിലൊതുങ്ങുന്നു. |
| 20 | 3-11 | നോൺബാങ്കിംഗ് ട്രഷറി വഴിയുള്ള പണമിടപാടുകൾ -നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ട് സൂക്ഷിപ്പിലെ അപാകതകൾ |
| 21 | 3-12 | ഗ്രാമപഞ്ചായത്തിനാവശ്യമായ 5kv UPS വാങ്ങൽ ബൈ-ബാക്ക് സംവിധാനം പ്രയോജനപ്പെടുത്തിയില്ല. |
| 22 | 3-13 | മീഡിയാശ്രീ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. |
| ഭാഗം – 4 | | |
| 23 | 4-1 മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം **1**

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 04.03.2016. തിയതിയിലെ I -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 31224450.85 |
| വരവ് | :- | 30775256 |
| ആകെ | :- | 61999706.85 |
| ചെലവ് | :- | 47991978 |
| നീക്കിയിരിപ്പ് | :- | 14007728.85 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | TC ചെയ്തു ലഭിച്ച തുക | തൻവർഷം അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ 2+3+5 | ചെലവ് | TCചെയ്തു നൽകിയ തുക | സർക്കാരിലേക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| പ്ലാൻ ഫണ്ട് (ജനറൽ) 8448-00-109-93(03) | 927218 | 5733153 | 0 | 0 | 6660371 | 4840611 | 0 | 1819760 | 0 |
| പ്ലാൻ ഫണ്ട് (ജനറൽ) 3604-00-200-91-05 | 0 | 0 | 7006645 | 1393926 | 1393926 | 1393926 | 0 | 0 | 0 |
| പ്ലാൻ ഫണ്ട് (എസ്.സി.പി) 8448-00-109-93(06) | 2480302 | 0 | 0 | 0 | 2480302 | 869837 | 1610465 | 0 | 0 |
| പ്ലാൻ ഫണ്ട് (എസ്.സി.പി) 3604-00-200-91-10 | 0 | 0 | 6569465 | 2716636 | 2716636 | 2716636 | 0 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പ്ലാൻ ഫണ്ട് (റ്റി.എസ്.പി) 8448-00-109-93-09 | 40000 | 0 | 0 | 0 | 40000 | 0 | 40000 | 0 | 0 |
| പ്ലാൻ ഫണ്ട് (റ്റി.എസ്.പി) 3604-00-200-86-15 | 0 | 0 | 61000 | 0 | | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് 8448-00-109-92-03 | 1530512 | 0 | 1571695 | 1571695 | 3102207 | 1339679 | 1762528 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3604-00-200-90-05 | 0 | 0 | 3075554 | 3075554 | 3075554 | 3075554 | 0 | 0 | 0 |
| ലോക ബാങ്ക് സഹായം 8448-00-109-91-03 | 2433228 | 0 | 0 | 0 | 2433228 | 113068 | 2320160 | 0 | 0 |
| ലോകബാങ്ക് സഹായം 3604-00-200-89-05 | 0 | 0 | 2320160 | 2137424 | 2137424 | 2137424 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 8448-00-109-94-03 | 564258 | 0 | 0 | 0 | 564258 | 564258 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 3604-00-200-87-05 | 0 | 0 | 2320000 | 1192826 | 1192826 | 1192826 | 1192826 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 8448-00-109-94-03 | 2086150 | 0 | 0 | 0 | 2086150 | 2086150 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 3054-80-198-38 | 0 | 0 | 5062000 | 3557868 | 3557868 | 3557868 | 0 | 0 | 0 |

* ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒരു ഗഡു 1571695/- രൂപ 8448-00-109-92-03 എന്ന ഹെഡ്ഡിലാണ് ലഭിച്ചത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 43558643 | 94 | 31581727 | 13 | 27 | 70.15% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. 27/16 -കുടുംബശ്രീ യൂണിറ്റ്കൾക്ക് റിവോൾവിംഗ് ഫണ്ട്
2. 31/16- പുഷ്പകൃഷിവികസനം- വനിത
3. 36/16- ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട
4. 131/16- അറവുശാലയ്ക്ക് സ്ഥലം വാങ്ങൽ
5. 70/16- വിവിധ അംഗനവാടികളുടെ അറ്റകുറ്റപണി.
6. 93/16- കക്കൂസ് നിർമ്മാണ-ജനറല് 2015-16
7. 101/16 – മാലിന്യസംസ്കരണം,പൈപ്പ് കമ്പോസ്റ്റ്
8. 132/16-20- വർഷത്തെ വികേന്ദ്രീകരണാസൂത്രണത്തിന്റെ ഡോക്യുമെൻറേഷൻ

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4394790 | 3131787 | (-) 1263003 | (-) 29% |
| നികുതിയേതര വരവുകൾ | 782097 | 683782 | (-) 98315 | (-) 13% |
| മറ്റുവരവുകൾ | 2233531 | 1361414 | (-) 872117 | (-) 39% |
| ആകെ | 7410418 | 5176983 | 2233435 | (-) 30% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 277680 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 6203130 | 857 |
| വിധവാപെൻഷൻ | 5720960 | 610 |
| വാർദ്ധക്യകാലപെൻഷൻ | 3587580 | 708 |
| വികലാംഗപെൻഷൻ | 1941500 | 207 |
| അവിവാഹിതർക്കുള്ള പെൻഷൻ | 319200 | 40 |
| വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1983/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവു വഴി ജോലി വിഭജനം നടത്തിയിട്ടുണ്ടെങ്കിലും പെഴ്സണൽ രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കുന്നില്ല. മാസാന്ത്യം ക്ലോസ് ചെയ്ത് പെന്റിംഗ് വിലയിരുത്തുന്നില്ല. വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് ഇവ കൃത്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/10/2016 | 1/9/2016 മുതൽ 30/09/2016 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/06/2003 മുതൽ 25/06/2003 വരെ | 1997-98 മുതൽ 2002-2003 വരെ | 08/03/2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നികുതി -വൻ കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള ശ്രീ.ജേക്കബ് ഉമ്മൻ, മാനത്തറയിൽ ഉടമസ്ഥനായുള്ള റോയൽ ഗാർഡൻസ് 4 സ്റ്റാർ ഹോട്ടൽ & റിസോട്ട്സിന്റെ കെട്ടിട നികുതി 2013-14, 2014-15, 2015-16 വർഷങ്ങളിൽ കുടിശ്ശികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | കെട്ടിട നം. | വർഷം | ഈടാക്കേണ്ട നികുതി ലൈബ്രറി സെസ് ഉൾപ്പെടെ |
|---|---|---|---|
| 1 | സി.പി.1/178 | 2013-14 രണ്ടാം അർദ്ധവർഷം | 281939 |
| 2 | സി.പി.1/178 | 2014-15 | 735539 |
| 3 | സി.പി.1/178 | 2015-16 | 735539 |
| 4 | സി.പി.1/179 | 2013-14 രണ്ടാം അർദ്ധവർഷം | 5321 |
| 5 | സി.പി.1/179 | 2014-15 | 13637 |
| 6 | സി.പി.1/179 | 2015-16 | 13637 |
| 7 | സി.പി.1/180 | 2013-14 രണ്ടാം അർദ്ധവർഷം | 5321 |
| 8 | സി.പി.1/180 | 2014-15 | 13637 |
| 9 | സി.പി.1/180 | 2015-16 | 13637 |
| 10 | സി.പി.1/181 | 2013-14 രണ്ടാം അർദ്ധ വർഷം | 5604 |
| 11 | സി.പി.1/181 | 2014-15 | 22236 |
| 12. | സി.പി.1/181 | 2015-16 | 22236 |
| | | ആകെ | 1868283 |

കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണം - വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള അധികതുക ഡിമാന്റ്ചെയ്തിട്ടില്ല

ടി കെട്ടിടത്തിന്റെ അംഗീകൃത പ്ളാനിൽ ഹോട്ടലിലെ പ്രധാന കെട്ടിടം കൂടാതെ 111 ചതുരശ്ര മീറ്റർ വീതമുള്ള രണ്ട് സിംഗിൾ കോട്ടേജ്, 181 ചതുരശ്ര മീറ്റർ വീതമുള്ള രണ്ട് ഡബിൾ കോട്ടേജ്, വാട്ടർ തീം പാർക്ക്, ലോക്കൽ ബാർ എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും നികുതി ഡിമാന്റ് ചെയ്തത് പ്രധാനകെട്ടിടത്തിനും 111 ച. മീറ്ററിന്റെ രണ്ട് സിംഗിൾ കോട്ടേജിനും 181 ച. മീറ്ററിന്റെ ഒരു ഡബിൾ കോട്ടേജിനും മാത്രമാണ്. കെട്ടിടത്തിന്റെ പ്ളാനിലെ എല്ലാ നിർമ്മാണവും നടന്നിട്ടുണ്ടെങ്കിൽ മറ്റുള്ള കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം അന്വേഷിച്ചതിൽ പ്ളാനിലെ എല്ലാ നിർമ്മാണവും നടന്നിട്ടുണ്ടെന്നും 181 എം.$^2$

ന്റെ ഡബിൾ കോട്ടേജ് ഒരെണ്ണം, വാട്ടർ തീം പാർക്ക് എന്നിവ നിലം നികത്തി നിർമ്മിച്ചതാകയാലും ഈ നിർമ്മാണം സംബന്ധിച്ച് കേസ് നടക്കുന്നതിനാലും ഇവ അസ്സസ്സ് ചെയ്തിട്ടില്ല എന്ന് അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചു നീക്കുന്നത് വരെ, കേരള പഞ്ചായത്ത് രാജ് നിയമം 235 AA വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക നികുതിയായി ഈടാക്കാവുന്നതും പഞ്ചായത്ത് തീരുമാനിക്കുന്ന പക്ഷം അൺ ഓതറൈസ്ഡ് (യു. എ) നമ്പർ നൽകാവുന്നതാണ്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 അനധികൃത വ്യാപാരം - നടപടി സ്വീകരിച്ചില്ല

1. ഗ്രാമപഞ്ചായത്ത് വക നങ്ങ്യാർകുളങ്ങര ഷോപ്പിംഗ് കോംപ്ളക്സിനു സമീപമുള്ള മത്സ്യമാർക്കറ്റിൽ 01.04.2013 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ മത്സ്യം വിൽക്കുന്നതിനുള്ള അവകാശം 07.03.2013 -ാം തീയതി ലേലം ചെയ്തു. ലേലത്തിൽ പങ്കെടുത്ത ശ്രീ. എം.എസ്.കൃഷ്ണകുമാർ, മേലേത്ത് ഗ്രീഷ്മം, മുട്ടം. പി.ഒ എന്നയാൾക്ക് 2,42,000/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു നല്കിയിട്ടുള്ളതുമാണ്. ഫയൽ പരിശോധിച്ചതിൽ 01.04.2014 തീയതി മുതൽ 19.08.2015 തീയതി വരെ മത്സ്യമാർക്കറ്റ് ലേലം ചെയ്തതിന്റെ രേഖകളില്ല. മറ്റിനങ്ങളിലേക്കുള്ള ലേലം 2014-15, 2015-16 വർഷങ്ങളിൽ ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിലും മത്സ്യ മാർക്കറ്റ് ലേലം ചെയ്തു നൽകിയിട്ടുള്ളത് 19.08.2015 തീയതിയിലാണ്. ലേലത്തിൽ പങ്കെടുത്ത ശ്രീ. കൃഷ്ണകുമാർ, മുട്ടം എന്നയാൾക്ക് 1,64,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുള്ളതും 20.08.2015 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ iii-ാം നം തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതുമാണ്. 01.04.2014 തീയതി മുതൽ 19.08.2015 വരെ അനധികൃത മത്സ്യവ്യാപാരം നടന്നിരുന്നോയെന്ന് അന്വേഷിച്ചതിൽ മേൽ കാലയളവിൽ വ്യാപാരം നടന്നിരുന്നുവെങ്കിലും ലേലം ചെയ്തു നൽകിയിട്ടില്ലാത്തതിനാൽ വരവ് ലഭിച്ചിട്ടില്ലായെന്ന് അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാനം നഷ്ടമായതിന് വിശദീകരണം നൽകേണ്ടതാണ്. ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.
2. പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 ൽ കരിപ്പുഴയിൽ ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 3,02,000/- രൂപയ്ക്ക് ലേലം ചെയ്തു നൽകിയിട്ടുണ്ട്. 2014-15 ൽ ആയതിന്റെ കുടിശ്ശികയായി 1,34,079/- രൂപ വരവു വന്നിട്ടുണ്ട്. എന്നാൽ 2014-15, 2015-16 വർഷങ്ങളിൽ മാംസവ്യാപാരം ലേലം ഇനത്തിൽ വരവില്ല. നിലവിൽ പഞ്ചായത്തിന്റെ പരിധിയിൽ മാംസ വ്യാപാരം നടക്കുന്നുണ്ടോയെന്ന് അന്വേഷിച്ചതിൽ മാംസ വ്യാപാരം നടക്കുന്നുണ്ടെങ്കിലും സ്ഥാപനത്തിന് ഈ ഇനത്തിൽ വരവില്ലായെന്ന് അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്. അനധികൃത മാംസ വ്യാപാരത്തിനെതിരെ ഭരണസമിതി സ്വീകരിച്ച നടപടികൾ വിശദമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്ഥാപനത്തിന് സ്വന്തമായി അറവുശാലയില്ലാത്തതിനാൽ മാംസവ്യാപാരം ലേലം ചെയ്തു നൽകാൻ സാധിക്കുന്നില്ലായെന്ന മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് സ്വന്തമായി അറവുശാല സ്ഥാപിക്കുന്നത് വരെ അറവുശാലയുള്ള സമീപസ്ഥലങ്ങളിൽ അറവുനടത്തി മാംസം വില്പനനടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണ്.പഞ്ചായത്തിന് സ്വന്തമായി അറവുശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പ് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## 2-3 ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, നിയമനടപടികളില്ല.

1. മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-232(1) വ്യവസ്ഥ ചെയ്യുന്നുണ്ട്.
പഞ്ചായത്തിന്റെ പരിധിയിൽ വ്യാപാരം നടത്തുന്ന വ്യാപാരികളുടെ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ xiv വാർഡുകളിലായി 285 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 78 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു. 2014-15 ൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2015-16 ൽ

ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ അനധികൃത വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നാണ് ഇത് വ്യക്തമാകുന്നത്. അനധികൃതസ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല.

2. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകുന്നു.

ഡി & ഓ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട വിവിധ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ അഭാവത്തിലും ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയതായി കാണുന്നു.ഫ്ളവർ മില്ലിന് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡു നൽകുന്ന അനുമതി പത്രം ഇല്ലാത്തതും കാലാവധി കഴിഞ്ഞിട്ടുള്ളതിനും ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്/ വാർഡ്. നം. | മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിന്റെ കാലാവധി | ലൈസൻസ് രസീത് നം. തീയതി |
|---|---|---|---|
| 1 | തോമസ് ചാക്കോ, വല്ലയത്ത് കിഴക്കതിൽ, മുട്ടം .പി.ഒ, വാർഡ് – vii | 30.06.2015 | 11501100419 മുതൽ 421 വരെ തീയതി. 06.05.2015 |
| 2 | ശ്രീദേവി നായർ, ശ്രുതി ഭവനം, ഏവൂർ വടക്ക്, വാർഡ് x | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ഇല്ല | |

പൊതുവായ അപാകതകൾ

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതെങ്കിലും ഭൂരിപക്ഷം അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ഇവർക്ക് മുൻ വർഷങ്ങളിൽ ലൈസൻസ് ഫീസായി ഈടാക്കിയ തുക തുടർന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ലൈസൻസ് വിതരണവുമായി ബന്ധപ്പെട്ട് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.9. (തീയതി.11.11.2016ന്) അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിച്ചാൽ സർക്കാരിന്റെ അംഗീകാരത്തോട് കൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യ ബോർഡുകൾ, കമാന ചിത്രങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ട പരസ്യനികുതി 2015-16 വർഷം ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8, തീയതി. 11.11.2016 നുള്ള മറുപടിയിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള ബൈലോ ബഹു. പഞ്ചായത്ത് ഡയറക്റ്ററുടെ 4/12/2015 തീയതിയിലെ ഉത്തരവ് നം. സി.5/24268/2015 പ്രകാരം അംഗീകരിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബൈലാ അംഗീകരിച്ചിട്ടും ഇത് പ്രകാരമുള്ള നിരക്കുകളിലും വിധത്തിലും പരസ്യനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണപെർമിറ്റ് രജിസ്റ്ററിൽ തുടർ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

നിലവിൽ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17 ൽ കെട്ടിടനിർമ്മാണ അനുമതി കാലാവധി, നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ടി തീയതി, കാലാവധി നീട്ടി കൊടുത്തതിന് ഈടാക്കിയ ഫീസ് എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്താൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ചതിനുശേഷമുള്ള വിവരങ്ങളായ വസ്തു നികുതി നിർണ്ണയ തീയതി, പെർമിറ്റ് കാലാവധി നീട്ടിയതിനുള്ള അപേക്ഷ ഫീസ്, കെട്ടിടം പണി പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ നിശ്ചിതസമയപരിധിക്കകം പൂർത്തിയാക്കുന്നുണ്ടോയെന്നും, പൂർത്തിയാക്കിയവക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും ബന്ധപ്പെട്ട സെക്ഷനുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. സെക്ഷൻ ക്ലാർക്കിന്റെ വീഴ്ച്ച മൂലമുണ്ടാകുന്ന വരുമാനനഷ്ടത്തിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതാണ്. പെർമിറ്റ് രജിസ്റ്ററിൽ തുടർ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടതാണ്. സെക്ഷനുകളിലെ രജിസ്റ്റർ സൂക്ഷിപ്പ് മേലുദ്യോഗസ്ഥർ പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

## 2-6 വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 07.09.2016, 11.07.2016 എന്നീ തീയതികളിലെ തീരുമാന പ്രകാരം വിമുക്തഭടൻമാരുടെ 194 അപേക്ഷകൾ പരിഗണിച്ച് 2015-16ൽ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. നികുതിയുടെ വിശദാംശം തീരുമാനത്തിനൊപ്പം ചേർത്തിട്ടില്ല. അപേക്ഷകൾക്കൊപ്പം ജി.ഒ (എംഎസ്) 242/13 ത.സ്വ.ഭ.വ 02.07.13 ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹനാണെന്ന് വ്യക്തമാക്കുന്ന അന്വേഷണ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. 2000 ചതുരശ്ര അടിയ്ക്ക താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഇളവിന് അർഹതയുള്ളു എന്നതിനാലും വിമുക്തഭടന്റെയോ ഭാര്യയുടെയോ പേരിലുള്ള ഒരു കെട്ടിടത്തിന് മാത്രമേ നികുതി ഇളവ് ബാധകമാകുകയുള്ളൂ എന്നതിനാലും അപേക്ഷകൾക്കൊപ്പം അന്വേഷണ റിപ്പോർട്ട് അനിവാര്യമാണ്. തന്റെയോ ഭാര്യയുടെയോ പേരിലുള്ള മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം ലഭിയ്ക്കുന്നില്ല എന്ന് വ്യക്തമാക്കുന്ന സത്യവാങ്മൂലം എല്ലാ അപേക്ഷകളിലും ഉൾപ്പെടുത്തിയിട്ടുമില്ല. വസ്തുനികുതി ഒഴിവാക്കുന്നതിനായി 10.4.2015 ന് മുമ്പ് അപേക്ഷ സമർപ്പിച്ചവരുടെ ലിസ്റ്റ്, വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കുന്ന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ ഹാജരാക്കാനായി ഓഡിറ്റ് അന്വേഷണം (നം.14) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അർഹതയുള്ള വ്യക്തികൾക്ക് മാത്രമാണ് നികുതി ഒഴിവാക്കി നൽകുന്നത് എന്ന വിവരം അധികൃതർ ഉറപ്പാക്കുന്നില്ല എന്നതാണ് ആവശ്യമായ രജിസ്റ്ററിന്റെയും രേഖകളുടെയും അഭാവത്തിൽ നിന്നും വ്യക്തമാകുന്നത്.

വ്യക്തമായ അന്വഷണ റിപ്പോർട്ട് ഇല്ലാതെ ഹാജരാക്കിയ അപേക്ഷകൾ മാത്രം പരിഗണിച്ച് നികുതി ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. നികുതി ഒഴിവാക്കുന്നതിൽ 02.07.13 ലെ മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിയ്ക്കാത്തതിനാൽ, ഈ അപേക്ഷകരുടെ അർഹത പുനപരിശോധിയ്ക്കേണ്ടതും അനർഹരായ വ്യക്തികൾക്ക് നികുതി ഇളവിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ കുടിശ്ശിക സഹിതം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-7 ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറി വാടകയ്ക്ക് നൽകുന്നില്ല

16 മുറികൾ ഉള്ള ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സിന്റെ 9-ാം നമ്പർ കടമുറി 2014-15 മുതൽ വാടകയ്ക്ക് നൽകുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 9 മുഖേന അന്വേഷണം നടത്തിയതിന് ലഭിച്ച മറുപടിയിൽ കടമുറി ജീർണ്ണാവസ്ഥയിലാണെന്ന് മറുപടി ലഭ്യമാക്കി. നിരവധി ഫണ്ടുകൾ ഉണ്ടായിരുന്നിട്ടും പഞ്ചായത്തിന് തനതുവരുമാനം ലഭ്യമാകുന്ന കടമുറി അറ്റകുറ്റപണികൾ നടത്തി ഉപയോഗപ്രദമാക്കാതെ വർഷങ്ങളായി ഒഴിച്ചിട്ടിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-8 മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ, തീയതി 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് കുറഞ്ഞ വസ്തു നികുതി ചതുരശ്ര മീറ്ററിന് 500/- രൂപയാണ്. മൊബൈൽ ടവർ അനുബന്ധ സൗകര്യങ്ങളായ ഡിജിറ്റൽ ഷെൽട്ടർ എന്നിവ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് പ്ലിന്ത് ഏരിയ കണക്കാക്കുന്നത്. ശരാശരി പ്ലിന്ത് ഏരിയ 15 ച.മീ ആയി നിർണയിച്ചാൽ ഏറ്റവും കുറഞ്ഞ നിരക്കിൽ 6000/- രൂപ ഒരു സാമ്പത്തിക വർഷം ഒരു ടവറിൽ നിന്നും പഞ്ചായത്തിന് നികുതിയിനത്തിൽ ഈടാക്കാവുന്നതാണ്. പഞ്ചായത്തു പരിധിയിൽ 2 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് മൊബൈൽ ടവറുകളുടേയും നികുതി 2015-16 സാമ്പത്തിക വർഷം അടവാക്കിയിട്ടില്ല. പഞ്ചായത്തു പരിധിയിലെ എല്ലാ മൊബൈൽ ടവറുകളുടെയും നികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കേണ്ടതാണ്. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.11 (തീ11.11.16)ന് മറുപടി ലഭ്യമാക്കിയില്ല. ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അഗതി ആശ്രയ-പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. അഗതികൾ അവഗണിക്കപ്പെടുന്നു.

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും, വീട് വെക്കാൻ സ്ഥലം, വീട്, കുടിവെള്ളം, കക്കൂസ്സ്, വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാന ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്റ്റുകളിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടത്. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെടുന്നവർക്കായി തുച്ഛമായ തുക വകയിരുത്തി പ്രത്യേക പദ്ധതികൾ തയ്യാറാക്കി ചെലവു ചെയ്യുന്ന രീതിയാണ് പഞ്ചായത്ത് പിൻതുടരുന്നത്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്നശേഷിയുള്ള മറ്റുവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു. ആശ്രയപദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾക്കുശേഷവും നിറവേറപ്പെടാതെ പോകുന്നു. അടിസ്ഥാനസൗകര്യവികസനത്തിൽ അഗതികുടുംബാംഗങ്ങൾക്ക് പ്രഥമപരിഗണന നൽകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ ഗുണഭോക്താക്കളുടെ എണ്ണം, അടിസ്ഥാനസൗകര്യങ്ങൾ ലഭിച്ചവരുടെ വിവരം എന്നിവ താഴെ കൊടുക്കുന്നു.

ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ.

| ഇനം. | ഒന്നാംഘട്ട പ്രോജക്റ്റ് | രണ്ടാംഘട്ട പ്രോജക്റ്റ് |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം. | 38 | 55 |
| വീട് വെക്കാൻ സ്ഥലം ആവശ്യമുള്ളവർ. | 22 | 1 |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 6 | 0 |
| വീട് ആവശ്യമുള്ളവർ | 27 | 2 |
| വീട് ലഭിച്ചവർ | 10 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 7 | 33 |
| ആനുകൂല്യം ലഭിച്ചവർ | 7 | 0 |
| കക്കൂസ്സ് ആവശ്യമുള്ളവർ | 49 | 33 |
| നാളിതുവരെ ലഭിച്ചവർ | 8 | 0 |

| | | |
|---|---|---|
| കുടിവെള്ളം ആവശ്യമുള്ളവർ | 53 | 9 |
| നാളിതുവരെ ലഭിച്ചവർ | 5 | 0 |
| വൈദ്യുതി ആവശ്യമുള്ളവർ | 49 | 1 |
| നാളിതുവരെ ലഭിച്ചവർ | 2 | 0 |

കണക്കുകൾ, വൈദ്യുതി എന്നിവയുടെ സ്ഥിതിവിവരക്കണക്ക് വിശ്വസനീയമല്ല. ഇവ പുനഃപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ചേപ്പാട് ഗ്രാമപഞ്ചായത്തിൽ അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 10,00,000/- രൂപയും രണ്ടാം ഘട്ടചലഞ്ച് ഫണ്ടിനത്തിൽ 284147/- രൂപയും ആണ് ലഭിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 1646778/- രൂപ 31-3-2016ൽ അവശേഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് ഭവന നിർമ്മാണത്തിനായി ലഭിച്ച 267500/- രൂപ, ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 78000/- രൂപ പലിശ 482466/- രൂപ, മറ്റിനം 19518/- എന്നിവ ഉൾപ്പെടെയുള്ള തുകയാണ് ഇത്. അടിസ്ഥാന സൗകര്യ വികസനത്തി നായി മുൻവർഷങ്ങളിൽ നൽകിയതുകപോലും യഥാസമയം വിനിയോഗിക്കപ്പെട്ടിട്ടില്ല.

ഭക്ഷണത്തിനുവേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും ചികിൽസാ സഹായം ലഭിക്കുന്നില്ല. GO(MS)No.4/2016 Dt. 11-01-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം 13 ഖണ്ഡിക 6-3(9) പ്രകാരം അഗതി കുടുംബങ്ങൾക്ക് ചികിൽസാചെലവ് സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാരേഖകളും ബില്ലുകളും ഹാജരാക്കുന്ന മുറയ്ക്ക് ചികിൽസാസഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക 6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതികുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതികുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 തൊഴിലുറപ്പ് ഫണ്ടിൽനിന്ന് വാറ്റ് ഒടുക്കി. ഒടുക്കിയ തുകയിൽ കുറവ്

തൊഴിലുറപ്പ് പദ്ധതിയിൽ പഞ്ചായത്ത് 2015-2016 വർഷം നടപ്പാക്കിയ വിവിധ മെറ്റീരിയൽ വർക്കിനായി ഗ്രാവൽ, മെറ്റൽ, എം.സാന്റ്, സിമന്റ് എന്നിവ കരാറുകാരനിൽ നിന്ന് വാങ്ങിയിരുന്നു. മെറ്റീരിയൽ സപ്ലൈ ചെയ്ത വ്യക്തി വാറ്റ് ഒടുക്കിയിട്ടുള്ള ബിൽ ഹാജരാക്കാത്തതിനാൽ ടിയാനിൽ നിന്ന് ഓരോ മെറ്റീരിയൽസിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ശതമാനം നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തണമായിരുന്നു. എന്നാൽ വാറ്റ് ഈടാക്കുന്നതിനുപകരം മെറ്റീരിയൽ വിലയുടെ 4% കണക്കാക്കി കരാറുകാരന് നൽകുകയും, പിന്നീട് 18-10-2016ൽ ടി തുക 18% പലിശ സഹിതം ഈടാക്കി സർക്കാരിൽ ഒടുക്കുവരുത്തിയിട്ടുമുണ്ട്. (57239 രൂപ വാറ്റ് + 11023 പലിശ) ഫലത്തിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നാണ് വാറ്റ് അടച്ചത്. 2015-2016 ചെലവുവന്നിട്ടുള്ള വർക്കുകളും ഇവയ്ക്കായി ആവശ്യമായ മെറ്റീരിയൽസ്,ഒടുക്കേണ്ട നികുതി എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു. (2016-2017 വർഷം പേയ്മെന്റ് നടത്തിയ വർക്കുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.)

| ക്രമ നം. | പ്രവർത്തിയുടെ പേര്, എം.ബുക്ക് നമ്പർ | മെററീരിയലിന്റെ അളവ്. | നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന വാറ്റ്% | ഈടാക്കേണ്ടിയിരുന്ന വാറ്റ് തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പറത്തളം-തച്ചരുപടീറ്റതിൽനടപ്പാത കോൺക്രീറ്റ് – വാർഡ് – 11<br>എം. ബുക്ക് – 199/15-16 | മെറ്റൽ 40mm-25.06$m^3$<br>മെറ്റൽ 20mm-22.92$m^3$<br>msand -38.54$m^3$<br>cement-115 bag | 213267 | 14.5% | 30924 |
| 2 | അംഗൻവാടി – കരിമ്പനക്കൽ നടപ്പാത ഗ്രാവലിംഗ് - വാർഡ് – 12<br>എം.ബുക്ക് – 214/15-16 | Gravel-147$m^3$@950/$m^3$ | 139650 | 5% | 6983 |
| 3 | ഇത്താംപള്ളിൽ-പുളവൻതോട്നടപ്പാത ഗ്രാവലിംഗ് – വാർഡ് – 10<br>എം. ബുക്ക് നം. -219/15-16 | Gravel-131$m^3$@950/$m^3$ | 124450 | 5% | 6223 |
| | | cement pipe – 2nos. 1900/each | 3800 | 14.5% | 551 |
| 4 | മൂലക്കൽ-വിളയിൽ വടക്കതിൽ വരെ നടപ്പാത ഗ്രാവലിംഗ് – വാർഡ്.10<br>എം. ബുക്ക് നം. – 251/15-16 | Gravel-126$m^3$@950/$m^3$ | 119700 | 5% | 5985 |
| | | cement pipe – 2nos. 1404/each | 2808 | 14.5% | 407 |
| 5 | അമ്പോളത്തറ-കാക്രോളിൽനടപ്പാത ഗ്രാവലിംഗ് | Gravel-181$m^3$@950 | 171950 | 5% | 8598 |
| 6 | വെട്ടിക്കുളങ്ങര-സൊസൈറ്റിനോർത്ത് കനാൽ വരെ നടപ്പാത ഗ്രാവലിംഗ്.<br>എം. ബുക്ക് നം. - 220/15-16 | Gravel 111.23$m^3$ | 105668 | 5% | 5283 |
| 7 | കൊളപ്പള്ളിൽ-മുഞ്ഞിനാട്ട് വരെ നടപ്പാത പേവ്മെന്റ് ബ്ളോക്ക് ഉപയോഗിച്ച് സഞ്ചാരയോഗ്യമാക്കൽ<br>135/15-16 | M sand – 4.96$m^3$<br>6mm metal – 7$m^3$<br>gravel – 28.10$m^3$ | 26695 | 5% | 2277 |
| | | cement – 60bag | 45544 | 14.5% | 3871 |
| 8 | ചെങ്കിലാത്ത്മുക്ക്-അമ്പോളവയൽ നടപ്പാതഗ്രാവലിംഗ്.<br>എം. ബുക്ക് നം. -222/15-16 | gravel-33$m^3$ | 31350 | 5% | 1568 |

| | | | | | |
|---|---|---|---|---|---|
| 9 | സൗഭാഗ്യജംഗഷൻ അമ്പോളവയൽ നടപ്പാത ഗ്രാവലിംഗ്.<br><br>എം. ബുക്ക് നം. – 223/15-16 | gravel-79m$^3$ | 75050 | 5% | 3753 |
| 10 | പഞ്ചവടി ലക്ഷംവീട് മുതൽ കറ്റത്തേരിൽമുക്ക വരെ പേവ്മെന്റ് ബ്ളോക്ക് ഉപയോഗിച്ച് നടപ്പാത.<br><br>എം. ബുക്ക് നം. – 261/15-16 | Gravel-46.28m$^3$<br><br>6mm metal-9.19m$^3$<br><br>m-sand-6.82m$^3$ | 43965 | 5% | 2198 |
| | | cement – 66bags | 50057 | 14.5% | 7258 |
| | ആകെ. | | | | 85879 |

| | |
|---|---|
| വാറ്റ് ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക | 85879 |
| ഒടുക്കിയത് | 57239 |
| അവശേഷിക്കുന്നത് | 28640 |

തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 'വാറ്റ്'' ഇനത്തിൽ ചെലവഴിച്ച 57239/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. മേൽ പരാമർശിച്ച 85,879/- രൂപ (അടവാക്കിയ 57239/- രൂപയും, അടവാക്കാനുള്ള 28640/- രൂപയും അടക്കം) കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്കും, തൊഴിലുറപ്പ് പദ്ധതി ഫണ്ടിലേയ്ക്കും അടവാക്കേണ്ടതാണ്.

## 3-3 നടപ്പാതനിർമ്മാണം-കരാറുകാരന് തെറ്റായി നല്കിയ സൈഡ്സ്ക്രീനിംഗിനുള്ള ചെലവു തുക തിരികെ ഈടാക്കിയപ്പോൾ പലിശ ഈടാക്കിയില്ല.

2015-2016 സാമ്പത്തിക വർഷം പേയ്മെന്റ് നടത്തിയിട്ടുള്ള പല നടപ്പാതനിർമ്മാണപ്രവർത്തികളിലും പാതയുടെ ഇരുവശവും, ചാക്ക്, ഓല, മുള ഇവ ഉപയോഗിച്ച് സൈഡ്സ് ക്രീനിംഗ് നടത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. സൈഡ്സ്ക്രീനിംഗിനുള്ള ചെലവുകണക്ക് മേറ്റ്മാർ വൗച്ചർ ഹാജരാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്ത് നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മിക്ക ഫയലുകളിലും മേറ്റ്മാർ ഈയിനത്തിലുള്ള ചെലവിന്റെ വൗച്ചർ വച്ചിട്ടില്ല. ഓരോ തൊഴിലും പൂർത്തിയാക്കി മസ്റ്റർ റോൾ പഞ്ചായത്തിൽ സമർപ്പിക്കുന്നതിനൊപ്പം മറ്റുചെലവുകളുടെ വൗച്ചറും ഹാജരാക്കണമെന്നിരിക്കെ പ്രവർത്തി പൂർത്തിയാക്കി 7 മാസങ്ങൾക്കുശേഷവും ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവിന്റെ വൗച്ചർ ഹാജരാക്കാതെ തന്നെ ഖണ്ഡിക 3-2 സൂചിപ്പിച്ച പ്രവർത്തികളിൽ എസ്റ്റിമേറ്റ് പ്രകാരം ഈയിനത്തിൽ ഉൾപ്പെടുത്തിയിരുന്ന 53625/- രൂപയും 2016-17ലെ വർക്കുകളിലെ 19050/- രൂപയും ഉൾപ്പെടെ 72675/- രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകുകയുണ്ടായി. 17-10-2016 ൽ ഈ തുക തിരികെ ഈടാക്കിയിരുന്നു. പക്ഷെ തുക തിരികെ ഈടാക്കിയപ്പോൾ ഈടാക്കേണ്ടിരുന്ന 18% പലിശ ഈടാക്കിയിരുന്നില്ല. പലിശ ഈടാക്കേണ്ടതാണ്. (13081/- രൂപ)

കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകുകയും പിന്നീട് തിരികെ ഈടാക്കുകയും ചെയ്ത തുക ഇപ്പോൾ തൊഴിലുറപ്പ് അക്കൗണ്ടിൽ നില്ക്കുന്നു. എന്നാൽ സൈഡ്സ്ക്രീനിംഗിനായി ഇപ്പോൾ മേറ്റുമാർ ഹാജരാക്കുന്ന വൗച്ചർ തുക, അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുകയുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി ഈത്തംപള്ളിൽ പുലവൻതോട് എന്ന പ്രവർത്തിക്കായി 11467/- രൂപയാണ് കരാറുകാരന്റെ അക്കൗണ്ടിലേക്കും പിന്നീട് എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേയ്ക്കും മാറ്റിയത്. ഈ വർക്കിനായി മേറ്റ് ശ്രീമതി. ഗീത സമർപ്പിച്ചിട്ടുള്ള വൗച്ചർ പ്രകാരം ഓല, മുള, കയർ ഇവയ്ക്കായി 4344/- രൂപ മാത്രമേ ചെലവു വന്നിട്ടുള്ളൂ. യഥാർത്ഥചെലവു രേഖകൾ ലഭിക്കുന്നതിന് മുമ്പ് തന്നെ ചെലവുനടത്തിയത് ക്രമപ്രകാരമല്ല. നടപടിക്രമങ്ങളിൽ സംഭവിച്ച ഗുരുതരമായ വീഴ്ചകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം ലഭ്യമാക്കുകയും മേലുദ്യോഗസ്ഥരെ അറിയിച്ച് യുക്തമായ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

## 3-4 തൊഴിലുറപ്പുപ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടസർക്കാർ ഉത്തരവുകളിലും, 20-7-2015 ൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡി.888/2015 നമ്പരായി പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയ കത്ത് പ്രകാരവും തൊഴിലുറപ്പുപ്രവർത്തിയുമായി ബന്ധപ്പെട്ട് പാലിക്കേണ്ട താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിവിധ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു.

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലേക്ക് വി.ഇ.ഒ.യുടെയും ചാർജ്ജ് ഓഫീസർമാരുടെയും ഫീൽഡ് വിസിറ്റ് ബി.പി.ഒ മാർ ഉറപ്പുവരുത്തുകയും പ്രവർത്തിസമയങ്ങളിൽ സാങ്കേതികവിഭാഗം ജീവനക്കാരും ഫീൽഡ് വിസിറ്റിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ വാർഡ്തലത്തിൽ വിജിലൻസ് മോണിറ്ററിംഗ് സമതികൾ രൂപീകരിച്ച് പദ്ധതികൾ മോണിറ്ററിംഗ് നടത്തണം. ലിസ്റ്റ്, സൈറ്റ് ഡയറി ഇവ മസ്റ്റർറോളുമായി ഒത്തുനോക്കുകയും എം.ബുക്കിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രം ചെലവ് നടത്തണം. മേൽ നിർദ്ദേശങ്ങൾ ശരിയായി പാലിക്കാത്തതിനാൽ നടക്കാത്തപ്രവർത്തിക്ക് ചെലവുനടന്നതായി പരാതി ഉണ്ടായി.
2. ഓരോ ദിവസവും നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ ചെലവ് തുക, ചെലവ് നടന്ന തീയതി ഇവ വ്യക്തമാക്കത്തക്കരീതിയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻ വർഷങ്ങളിൽ ഈ വിവരങ്ങൾ അടങ്ങിയ ക്യാഷ് ബുക്ക് സൂക്ഷിച്ചിരുന്നു. എന്നാൽ ഇപ്പോൾ EFMSവഴിയാണ് ഫണ്ട് ചെലവഴിക്കുന്നത് എന്നും, ക്യാഷ് പഞ്ചായത്തിൽ ലഭിക്കുന്നില്ല എന്നുമുള്ള കാരണം കാണിച്ച് ഈ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ മാസവും നടന്ന വർക്കുകൾ ഏതൊക്കെ, അവയ്ക്ക് നൽകിയ പേയ്മെന്റ് എത്ര, എന്നു നൽകി എന്നീ പരിശോധനകൾ സാധ്യമല്ലാത്ത അവസ്ഥയിലാണ്.
3. മെറ്റീരിയൽ വർക്കുകളിൽ ടെണ്ടർ നടപടികളിലും, വർക്കുകളിൽ നിന്ന് നികുതികൾ ഈടാക്കുന്നതിലും ഗുരുതരമായ പിഴവുകൾ സംഭവിച്ചു.
4. വർക്ക് ഫയലുകൾ അസിസ്റ്റന്റ് സെക്രട്ടറി പരിശോധന നടത്തി പേയ്മെന്റ് ഓർഡർ നൽകുന്നില്ല. ഇപ്രകാരം നിർദ്ദേശമില്ലാതെ തന്നെ ചെലവുനടത്തുന്നു.

## 3-5 തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ വർക്കിനായുള്ള ടെണ്ടർനടപടികൾ-അപാകതകൾ.

2015-2016 വർഷം സാങ്കേതിക അനുമതി ലഭിച്ച മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും ഒറ്റടെണ്ടർ പോലും ലഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്യുകയും ഹരികുമാർ ശ്രീശൈലം എന്ന വ്യക്തിയുടെ ടെണ്ടർ സ്വീകരിച്ച് ടിയാന്റെ കയ്യിൽ നിന്നും മെറ്റീരിയൽസ് വാങ്ങുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ടിയാൻ സമർപ്പിച്ച ടെണ്ടർഫാറത്തിൽ ക്വോട്ടു ചെയ്ത നിരക്ക് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും ഇല്ല. സെക്രട്ടറി, ടെണ്ടർ ഓപ്പൺ ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒറ്റ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച ഭരണസമതി തീരുമാനം എടുത്തതായി കാണുന്നില്ല. ഹരികുമാറുമായി എഗ്രിമെന്റ് വെക്കുന്നതിന് ഒരു മുദ്രപ്പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആരൊക്കെ തമ്മിലാണ് കരാർ വക്കുന്നത് എന്നവിവരം സൂചിപ്പിച്ചിട്ടില്ല. ഹരികുമാർ കരാർ മാതൃകയുടെ അവസാനം ഒപ്പു വച്ചിട്ടുണ്ട് എങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കരാർ അധികൃതമാക്കിയിട്ടില്ല. 16 ലക്ഷത്തോളം രൂപയുടെ വാങ്ങൽ നടപടികൾ ഇത്രയും ലാഘവത്തോടെ കൈകാര്യം ചെയ്തതു വഴി സെക്രട്ടറി കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.
2. ഇ.എം.ഡി ഇനത്തിൽ 56000/- രൂപയുടെ ഫെഡറൽ ബാങ്കിലുള്ള ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് പ്ലഡ്ജ് ചെയ്തല്ല വാങ്ങിയിട്ടുള്ളത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ 56200/- രൂപയുടെ സർട്ടിഫിക്കറ്റും പ്ലഡ്ജ് ചെയ്തല്ല സൂക്ഷിച്ചിട്ടുള്ളത്.
   പ്ലഡ്ജ് ചെയ്യാത്ത സർട്ടിഫിക്കറ്റിൽ നിയമപരമായി പഞ്ചായത്തിന് യാതൊരു അവകാശവുമില്ല.

കരാറുകാരനിൽ നിന്ന് ഏതെങ്കിലും തുക തിരികെ ഈടാക്കേണ്ടി വന്നാൽ ഇതിൽ നിന്ന് ഈടാക്കാൻ കഴിയില്ല. കരാർ ഉടമ്പടികളിൽ ഉണ്ടാകുന്ന അപാകതകൾ തുടർന്നുള്ള നിയമനടപടികൾക്ക് പഞ്ചായത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരത്തിലുണ്ടാകുന്ന വീഴ്ചമൂലമുള്ള നഷ്ടം കരാർ വക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-6 ഓരുമുട്ട് നിർമ്മാണം-ചെയ്യാത്ത പ്രവർത്തിക്ക് വേതനം നൽകി.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്ത് 9-ാംവാർഡിൽ ഓരുമുട്ട നിർമ്മാണം എന്ന പ്രവർത്തിക്കായി 19-1-2016 ലെ 6-ാം നമ്പർ തീരുമാന പ്രകാരം 149462/- രൂപയുടെ ഭരണാനുമതിയും 20-1-2016-ൽ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. ഫയൽ പ്രകാരം 17-3-2016 ൽ മസ്റ്റർറോളിനായി അപേക്ഷിക്കുകയും 18-3-2016ൽ മസ്റ്റർറോൾ നൽകുകയും ചെയ്തിട്ടുണ്ട്. 19-3-2016 ൽ ഇനിഷിയേഷൻ മീറ്റിംഗ് കൂടി ശ്രീമതി. ശാന്തിനി, പഞ്ചവടി ലക്ഷംവീട് എന്നയാളെ എ.ഡി.എസ്സ് വോളണ്ടിയറായി നിയമിച്ചിരുന്നു. 19-3-2016 മുതൽ 25-3-2016 വരെ ഏഴ് ദിവസങ്ങളിലായി പത്ത് തൊഴിലാളികളും, 16-17 സാമ്പത്തിക വർഷം, 5-4-2016 മുതൽ 12-4-2106 വരെ 10 തൊഴിലാളികൾ നാലു ദിവസവും ജോലിചെയ്തതായി ഹാജർ രേഖപ്പെടുത്തി മസ്റ്റർ റോൾ സൂക്ഷിച്ചിട്ടുണ്ട്. ആകെ 110 ദിവസത്തെ വേതനം കണക്കാക്കി ചെലവുനടത്തി. എന്നാൽ മസ്റ്റർറോളിൽ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. എം. ബുക്ക് ഫയലിനൊപ്പമുണ്ടെങ്കിലും അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് ഡയറി പ്രകാരം സാങ്കേതികവിഭാഗം ജീവനക്കാർ ആരുംതന്നെ പ്രവർത്തി നേരിട്ട് പരിശോധിച്ചിട്ടില്ല. ഫീൽഡ് വിസിറ്റ് നടത്തേണ്ട വി.ഇ.ഒ.യും സൈറ്റ് സന്ദർശിച്ചിട്ടില്ല. പ്രവർത്തി സംബന്ധിച്ച് തനിക്ക് അറിയിപ്പ് ലഭിച്ചിരുന്നില്ല എന്നാണ് അദ്ദേഹം അറിയിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ വർക്കുചെയ്തതായി മേറ്റ് പറഞ്ഞതിനാലാണ് വേതനം നൽകിയത് എന്നും, മാർച്ചിലെ തിരക്കിൽ സൈറ്റിൽ പോകാൻ സാധിച്ചില്ല എന്നും ഡിലേ കോംപൻസേഷൻ ഒഴിവാക്കുന്നതിന് പെയ്മെന്റ് നടത്തിയതാണെന്നും ഇത് സംബന്ധിച്ച് പരാതി വന്നപ്പോൾ പിൻവലിച്ച തുക പലിശ സഹിതം (28504/- രൂപ) തിരിച്ചടച്ചതായും അറിയിച്ചിട്ടുണ്ട്. പ്രവർത്തി ചെയ്തു എന്നു ഉറപ്പുവരുത്തേണ്ട ജീവനക്കാർ ചുമതലകളിൽ വീഴ്ചവരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. വീഴ്ച വരുത്തിയവർ ക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതും, മുഴുവൻ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും അന്വേഷണം നടത്തേണ്ടതുമാണ്.

## 3-7 തൊഴിലുറപ്പ് ഡാറ്റാ എൻടി ഓപ്പറേറ്റർ യോഗ്യത സംബന്ധിച്ച്

ജി.ഒ(എം.എസ്) നം. 167/09/എൽ.എസ്.ജി.ഡി, തീയതി. 26.08.2009 തൊഴിലുറപ്പ് അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അടിസ്ഥാന യോഗ്യത ബി. കോം ഡിഗ്രിയും പി.ജി.ഡി.സി.എ. യുമാണ്. അക്കൗണ്ടിംഗ് & ബുക്ക് കീപ്പിംഗിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. തൊഴിലുറപ്പ് സംബന്ധമായ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്കാണ്. ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് അപാകതകൾ സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാളുടെ യോഗ്യത സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടതിൽ പഞ്ചായത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി. സൂര്യയെ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം സ്ഥിരപ്പെടുത്തുകയാണെന്ന് കണ്ടു. പരിശോധനയ്ക്ക് ഹാജരാക്കിയ ഫയൽ പ്രകാരം ടിയാളുടെ യോഗ്യത ഇക്കണോമിക്സിൽ ഉള്ള ബിരുദവും പി.ജി.ഡി.സി.എ. യും ആണ്. നിശ്ചിത യോഗ്യതയില്ലാത്ത വ്യക്തിയെ അക്കൗണ്ട് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി നിയമിച്ചതിന് ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കുന്നതിനും, കൂടുതൽ അന്വേഷണങ്ങൾക്കും തുടർനടപടികൾക്കുമായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 3-8 സിഡ്കോയിൽനിന്നുള്ള സ്റ്റീംബാത്ത്ചേമ്പർ വാങ്ങൽ - പ്രൈസ്സ് ലിസ്റ്റിൽ അധികരിച്ച് വിലനൽകിയത് അനുവദനീയമല്ല

പഞ്ചകർമ്മചികിത്സയുടെ ഭാഗമായി ആയുർവേദ ആശുപത്രിക്ക് രണ്ട് സ്റ്റീം ബാത്ത് കാബിനുകൾ സ്ഥാപിക്കുന്നതിന് S0014/2016 പ്രോജക്റ്റ് പ്രകാരം 60000/- രൂപ വകയിരുത്തിയിരുന്നു. ക്വൊട്ടേഷൻ പ്രകാരമല്ലാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റ് വിഭാവനം

ചെയ്തിട്ടുള്ളത് . ഇത് പ്രകാരം SIDCO-യിൽ നിന്ന് 59699/- രൂപക്ക് രണ്ട് സ്റ്റീം കാബിനുകൾ വാങ്ങി. (ബിൽ നമ്പർ 3/15-16, തീയതി. 14.10.2015) വാങ്ങലുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. വാങ്ങലുമായി ബന്ധപ്പെട്ട് പർച്ചെയ്സിംഗ് കമ്മറ്റി തീരുമാനമോ,ഭരണസമതി തീരുമാനമോ എടുത്തിട്ടില്ല.
2. ഏത് സ്പെസിഫിക്കേഷനിലും ഏത് തടിയിലുമുള്ള കാബിനുകളാണ് വേണ്ടത് എന്നവിവരം SIDCO-യെ അറിയിച്ചിട്ടില്ല. SIDCO നൽകിയിട്ടുള്ള ഒരു ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ചെലവു തുക നൽകിയിട്ടുള്ളത്. ഇതിൽ ഏത് തടികൊണ്ടുള്ളതും, ഏത് അളവിലുള്ളതുമായ കാബിനാണ് നൽകുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. Steam bath chamber wooden എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
3. GO(RT).N0.26/2015 SPD DT.28-5-2015 പ്രകാരം SIDCO നിർമ്മിത വസ്തുക്കളുടെ പ്രൈസ്സ് ലിസ്റ്റ് പുതുക്കി നിശ്ചയിച്ചിരുന്നു. പ്രൈസ്സ് ലിസ്റ്റിലുള്ള സാമഗ്രികൾ, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം മാത്രമേ ടെണ്ടർ കൂടാതെ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങുവാൻ സാധിക്കുകയുള്ളൂ. അംഗീകൃത പ്രൈസ്സ് ലിസ്റ്റ് പ്രകാരം ആഞ്ഞിലിത്തടിയിലുള്ള 90*75*120 അളവിലുള്ള ചേമ്പറിന് 22045/- രൂപയും ആഞ്ഞിലിത്തടികൊണ്ട് ലാമിനേറ്റ് ചെയ്ത 91*75*125 അളവിലുള്ളതുമായ ചേമ്പറിന് 23422/- രൂപയുമാണ് വില നിശ്ചയിച്ചിട്ടുത്. ലഭിച്ച സ്റ്റീം ചേമ്പറിന്റെ അളവ് തരം എന്നിവ ഓഡിറ്റിൽ അറിയിക്കുന്നതിനും SIDCO യിൽനിന്ന് സ്പെസിഫിക്കേഷനും, തടിയുടെ വിവരവും കൂടി ഉൾപ്പെടുത്തിയ ക്യാഷ് ബില്ല് വാങ്ങി പരിശോധനക്ക് ഹാജരാക്കുന്നതിനുമായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ലാമിനേറ്റ് ചെയ്യാത്ത ചേമ്പറാണ് ലഭിച്ചിട്ടുള്ളത് എന്ന് ജീവനക്കാർ അറിയിച്ചു. ഇക്കാര്യം പരിശോധിച്ച് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതാണ്.

## 3-9 <u>കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾക്ക് ചെലവു തുക അനുവദിച്ചു.-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളുടെ ലംഘനം</u>

2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവർത്തികളിൽ, കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾക്കു ചെലവു തുക അനുവദിച്ചു നൽകിയിട്ടുള്ളതായി കാണുന്നു. ജി.ഒ.(പി) 13/2012/PWD, 01-02-2012 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാർ പ്രവർത്തികളുടെ കാലാവധി ദീർഘീകരണത്തിന്റെ പരമാവധി പരിധി, ഒറിജിനൽ സമയ പരിധിയുടെ 50% മാത്രമാണ്. അനുവദിക്കാവുന്ന ദീർഘീകരണകാലാവധിയ്ക്കു ശേഷം നടത്തുന്ന പ്രവർത്തികൾ അനധികൃതമാണ്. അതിനു തുക നൽകാവുന്നതല്ല. എന്നാൽ ചുവടെ ചേർക്കുന്ന പ്രവർത്തികളിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനു കരാറുകാർ അപേക്ഷ നൽകുകയോ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./ പ്രവർത്തിയുടെ പേര് | കരാറുകാരൻ | പ്രവർത്തി ആരംഭിച്ച തീയതി | പൂർത്തീ കരണ കാലയളവ് | പൂർത്തീ കരിച്ച തീയതി | എം.ബുക്ക് നം | ചെലവ് തുക | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|
| 1. | 98 /16<br>കാരിശ്ശേരിൽ മുക്ക് -- പേരൂർ മുക്ക് റോഡ് മെറ്റലിംഗ്, ടാറിംഗ് | ജി.സോമരാജൻ | 04-03-15 | 90 ദിവസം | 16-09-15 | 63/14-15 | 588463 | ബിൽ നം.<br>6/15-16/ 16-07-15<br>366365/-<br>10/15-1/16-11-15<br>174023/-<br>11/15-1/16-11-15<br>48075/- |
| 2. | 105 /16<br>മരങ്ങാട്ട് കോളനി റോഡ് ടാറിംഗ് | കെ.ബാലകൃഷ്ണൻ | 02-03-15 | 90 ദിവസം | 25-02-16 | 226/14-15 | 956508 | ബിൽ നം.<br>13/15-1/16-11-15<br>661087/-<br>34/15-1/21-03-16<br>295421/- |
| 3. | 123/16<br>കാവുങ്കൽ - തേരിമ്മൽ റോഡ് പുനരുദ്ധാരണം | രതീഷ് | 11-05-15 | 90 ദിവസം | 06-11-15 | 22/15-16 | 1355879 | ചെക്ക് നം<br>0972612/28-03-16<br>1355879/- |
| 4. | 111/16<br>ചക്കാലമുറി-ചാണാഞ്ചേരി റോഡ് ടാറിംഗ്. | ഗോപാലകൃഷ്ണൻ | 11-05-15 | 90 ദിവസം | 02-12-15 | 23/15-16 | 797609 | ചെക്ക് നം.<br>4623190/21-08-15<br>512318/-<br>4623218/29-01-16<br>285291/- |

പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലാത്തതിനാലും, അനുവദനീയമായ പരമാവധി എക്സ്റ്റൻഷൻ പരിധിയ്ക്കു ശേഷം പ്രവർത്തി പൂർത്തീകരിച്ചതിനാലും പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടി പ്രവർത്തികൾ അനധികൃതമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന (8/11-11-16) നൽകിയ മറുപടിയിൽ കാലാവസ്ഥ അനുകൂലമല്ലാതിരുന്നതി നാലാണ് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരിക്കുന്ന കരാറുകാർക്കെതിരെ നിയമപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് പദ്ധതി -പേരിലൊതുങ്ങുന്നു.

i.കിടപ്പുരോഗികൾക്ക് ആവശ്യമായ മരുന്നിനുള്ള തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയില്ല.

2015-16 വർഷം ധനകാര്യകമ്മീഷൻഗ്രാന്റ് ഇനത്തിൽ 1,50,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയത് മെഡിക്കൽ ഓഫീസറായ ഡോ. സുബി. വി. പി.യും പ്രോജക്ട് അംഗീകരിച്ചത് ഡോ. ശോഭന. ജെ. എം. സിവിൽ സർജനുമാണ്. പ്രസ്തുത പ്രോജക്ടിൽ മരുന്നിന് 1040/- രൂപ മാത്രമാണ്

വകയിരുത്തിയത്. കിടപ്പുരോഗികൾക്ക് അവരുടെ ആവശ്യാനുസരണം അലോപ്പതി, ഹോമിയോ, ആയുർവേദ മരുന്നുകൾ വാങ്ങി നൽകുന്നതിനായി കൂടുതൽ തുക പ്രോജക്ടിൽ ഉൾപ്പെടുത്താമായിരുന്നു. വരും വർഷ പ്രോജക്ടുകളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ഉൾപ്പെടുത്താൻ ശ്രദ്ധചെലുത്തേണ്ടതാണ്.

ii. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി -യഥാസമയം യോഗം ചേരുന്നില്ല.

ജി.ഒ(എം.എസ്സ്) 228/12 ത.സ്വ.ഭ.വ. തീ. 23-08-12 പ്രകാരം പി.എം.സി. മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്നും പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഓഡിറ്റ് വർഷം പാലിയേറ്റീവ് കെയർ കമ്മറ്റി യോഗം ചേർന്നിട്ടുള്ളത് 22-7-2015, 28-3-2016 എന്നീ തീയതികളിൽ മാത്രമാണ്. പാലിയേറ്റീവ് നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കമ്മറ്റികൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനും ഇക്കാര്യത്തിൽ പ്രത്യക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിലവിൽ പാലിയേറ്റീവ് പരിചരണത്തിന് വാഹനം ലഭ്യമല്ല. അടിയന്തിരമായി വാഹനസൗകര്യം ഏർപ്പെടുത്തുവാൻ പി.എം.സി യും ഭരണസമിതിയും നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് പദ്ധതി ഗുണകരമാക്കേണ്ടതാണ്.

## 3-11 നോൺബാങ്കിംഗ് ട്രഷറി വഴിയുള്ള പണമിടപാടുകൾ -നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൌണ്ട് സൂക്ഷിപ്പിലെ അപാകതകൾ

1. ആയുർവ്വേദ മെഡിക്കൽ ഓഫീസർ

ഓഡിറ്റ് കാലയളവിൽ ട്രഷറിയിൽ നിന്ന് ലഭിക്കുന്ന പണം നിക്ഷേപിക്കുന്നതിനായി ആയുർവ്വേദ മെഡിക്കൽ ഓഫീസർ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. എച്ച്.എം.സി. യുടെ പാസ്സ് ബുക്ക് വഴിയാണ് പദ്ധതിപ്പണം വിനിയോഗിച്ചത്. ഇത് ക്രമപ്രകാരമല്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തുകയുടെ വിനിമയത്തിനായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതും, ഈ അക്കൗണ്ടിൽ നിന്ന് ഡി. ഡി. ആയോ, അക്കൗണ്ട് ട്രാൻസ്ഫർ ആയോ മാത്രം തുക ചെലവഴിക്കേണ്ടതുമാണ്. ഒരു മാസത്തിലധികം ചെലവഴിക്കപ്പെടാതെ ഈ അക്കൗണ്ടിൽ നിൽക്കുന്ന പണം തിരിച്ചടയ്ക്കണം.

2. കൃഷി ഓഫീസർ

അക്കൗണ്ടിൽ നിന്നും സെൽഫ് ചെക്ക് വഴി ചെലവ് നടത്തിയതായി കാണുന്നു. ഇത് ക്രമപ്രകാരമല്ല. അക്കൗണ്ടിൽ നിന്ന് ഡി.ഡി. ആയോ അക്കൗണ്ട് ട്രാൻസ്ഫർ ആയോ മാത്രം തുക ചെലവഴിക്കേണ്ടതാണ്. 18.04.2016 ൽ ക്യാഷ് ബുക്ക് പ്രകാരം ചെലവില്ല. എന്നാൽ പാസ്സ് ബുക്കിൽ നിന്ന് 32147 ചെക്ക് പ്രകാരം 14,406/- രൂപ സെൽഫ് ചെക്കായി പിൻവലിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-12 ഗ്രാമപഞ്ചായത്തിനാവശ്യമായ 5kv UPS വാങ്ങൽ ബൈ-ബാക്ക് സംവിധാനം പ്രയോജനപ്പെടുത്തിയില്ല.

ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചു കൊണ്ടിരുന്ന 1KV UPS ന്റെ രണ്ട് ബാറ്ററികൾ വീക്ക് ആയതിനാൽ ബാക്ക്അപ്പ് കുറവാണെന്നും ഇ-ഗവേണസിന് 5KV യുപിഎസ്സ് ആവശ്യമാണെന്നുമുള്ള ടെക്നിക്കൽ അസ്സിസ്റ്റന്റിന്റെ റിപ്പോർട്ടിനെ തുടർന്ന് 29-6-2015 ലെ 25-ാം നമ്പർ തീരുമാനപ്രകാരം തനതുഫണ്ട് വിനിയോഗിച്ച് 5KV U.P.S. വാങ്ങാൻ തീരുമാനിച്ചു. റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള സ്ഥാപനങ്ങൾ ഉണ്ടോ, ബൈ-ബാക്ക് സംവിധാനം പ്രയോജനപ്പെടുത്താമോ എന്നീ വിവരങ്ങൾ ഉറപ്പാക്കാതെ കെൽട്രോണിൽ നിന്ന് വാങ്ങൽ നടത്തി. പ്രോക്യൂർമെന്റ് നിയമങ്ങൾ അനുസരിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മീഡിയാശ്രീ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 94/16 പ്രകാരം മീഡിയാശ്രീ പദ്ധതിക്കായി 65000/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിരുന്നു. (ഡി.ഡി. നം. 355434, തീയതി. 15-7-2015 പ്രകാരം 19500/- രൂപ & ഡി.ഡി. നം. 222370, തീയതി. 31-3-2016 പ്രകാരം 45500/- രൂപ) ഡോക്യുമെന്ററി നിർമ്മാണത്തിനായാണ് തുക അനുവദിച്ചു നൽകിയത്. എന്നാൽ ഡോക്യുമെന്ററി പൂർത്തിയാക്കി പ്രദർശനം നടത്തിയതായോ, വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൌണ്ടിംഗ് ആരംഭിക്കുന്നതിനു മുൻപ് സൃഷ്ടിച്ച എല്ലാ ആസ്തികളും, അതിന് ശേഷം സൃഷ്ടിച്ചവയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ സമ്പൂർണ്ണമാക്കിയിട്ടില്ല.
2. രസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ RP 31 ൽ CFC ഗ്രാന്റിന്റെ വരവായി കാണിച്ചിരിക്കുന്നത് 4647249/- രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 3075554/- രൂപയാണ്.
3. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I - 6 പ്രകാരം 18410049/- രൂപ ക്ഷേമപദ്ധതികൾക്കായും, 12845690/- രൂപ തൊഴിലുറപ്പ് പദ്ധതികൾക്കായും വരവ് വന്നിട്ടുണ്ട്. എന്നാൽ ടി തുകകൾ രസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ ഇവ പൂർത്തിയാക്കിയിട്ടില്ല.
5. 2014-15 ബി15 പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയും, 2015-16 വാർഷിക കണക്കിലെ RP 43,B-15 ഇവയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 100000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | 50000 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 20000 | | 20000 | - |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28575/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയതി |
|---|---|---|---|---|
| 2007-08 | 3(1) | 1000 | ശ്രീ. ശ്രീകുമാരൻ നായർ , സെക്രട്ടറി | 11601102182/17.10.2016 |
| 2008-09 | 3(12) | 2118 | രഘു (മെമ്പർ) | 11501101847,08/10/2015 |
| 2008-09 | 3(12) | 2118 | ഉദയകുമാർ (മെമ്പർ) | 11501101867,09/10/2015 |
| 2008-09 | 3(12) | 2118 | എം.കെ.ശ്രീനിവാസൻ (മെമ്പർ) | 11501101899,12/10/2015 |
| 2008-09 | 3(12) | 2118 | മണിലേഖ (മെമ്പർ) | 11501101845,07/10/2015 |
| 2008-09 | 3(12) | 2118 | ക്ഷീരകർഷകസംഘം | 11501101901,12/10/2015 |
| 2012-13 | 2(1) | 2500 | അനശ്വര ആഡിറ്റോറിയം | 11501101129 15/07/2015 |
| 2012-13 | 2(1) | 2500 | ശ്രീ.നാസർ, മണ്ണാംപറമ്പിൽ | 11501101974 ,29/06/2015 |
| 2012-13 | 2(3) | 11985 | ശ്രീ. നാസർ, മണ്ണാംപറമ്പിൽ | 11501101564,15/05/0/2015 |
| ആകെ | | 28575 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2.18, | 2003-04 | 2.18, | 1. പിഴ പലിശ ഈടാക്കാത്തത്. | സർക്കാർ സാധൂകരണം |

| | | | | | |
|---|---|---|---|---|---|
| | 2.20 | | 2.20 | 2. റോഡ് സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് | ലഭ്യമാക്കുന്നതിന് നൽകി |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,07,75,256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,79,91,978 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57,239 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 65,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 57,239/- (പകുതി വീതം ഈടാക്കണം) | ലതിക, അസിസ്റ്റന്റ് സെക്രട്ടറി |
| | | | ബിജു പിള്ള, അക്രഡിറ്റഡ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 65000 | ശ്രീമതി. ആദില. ഡി. എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

PARA.3-2.LOSS TO STATE GOVT. Rs. 28640/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി. ലതിക. ജെ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ചേപ്പാട് ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക,<br>പുതുക്കുണ്ടം, കാർത്തികപ്പള്ളി. പി. ഒ |
| ശ്രീ. ബിജു പിള്ള,<br>അക്രഡിറ്റഡ് ഓവർസിയർ | ചേപ്പാട് ഗ്രാമപഞ്ചായത്ത് | ചിത്തിരാലയം,<br>നടുവട്ടം. പി. ഒ, പള്ളിപ്പാട്. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2006-07<br>2007-08<br>2008-09<br>2009-10 | എൽ.എറ്.ജി.എ5-1577/14, തീ. 15.05.2014 |
| 2010-11<br>2011-12 | എൽ.എഫ്.എ.പി4-496/13, തീ. 12.08.2013 |
| 2012-13 | എൽ.എഫ്.എ-പി4-145/15, തീ. 12.03.2015 |
| 2013-14<br>2014-15 | കെ.എസ്.എ-എൽ.പി-പി4-1344/15, തീ. 20.11.2015 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി4-1338/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

ഇ-മെയിൽ - ddhglfalpy@gmail.com
ഫോൺ – 0477 2252753

തീയതി. 14.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *ചേപ്പാട്* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *ചേപ്പാട്* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P4-1338/16

Kerala State Audit Department,

District Audit Office,

Alappuzha.

E-mail – ddhglfalpy@gmail.com
Phone – 0477 2252753

Date: 14.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of *Cheppad* Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Cheppad* Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents true picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha